# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാചോദ്യം നം. 772 •                11.06.2014 – ൽ മറുപടിയ്ക്ക്

## പത്തനംതിട്ട ജില്ലാ ആയുർവേദാശുപത്രിയ്ക്ക് ലിഫ്റ്റ് സൗകര്യം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.രാജു എബ്രഹാം | ശ്രീ.വി.എസ്.ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) ചെറുകോൽപ്പുഴയിലുള്ള പത്തനംതിട്ട ജില്ലാ ആയുർവേദ ആശുപത്രിയുടെ പുതിയ നാല് നില കെട്ടിടത്തിൽ ഇതേവരെ ലിഫ്റ്റ് സ്ഥാപിച്ചിട്ടില്ല എന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ഉണ്ട്. |
| (ബി) കെട്ടിട നിർമ്മാണം പൂർത്തീകരിച്ച് വർഷങ്ങൾ കഴിഞ്ഞിട്ടും ലിഫ്റ്റ് സൗകര്യമില്ലാത്തതു മൂലം രോഗികൾ കഷ്ടപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) ഉണ്ട്. |
| (സി) ഈ കെട്ടിടത്തിൽ അടിയന്തിരമായി ലിഫ്റ്റ് സൗകര്യം ഏർപ്പെടുത്തുന്നതിനും, ഇതിനാവശ്യമായ പവർ ജനറേറ്റർ സ്ഥാപിക്കുന്നതിനും എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ ? | (സി) നിലവിൽ കെട്ടിടത്തിൽ ജനറേറ്റർ സ്ഥാപിച്ചിട്ടുണ്ട്. കെട്ടിടത്തിൽ ലിഫ്റ്റ് സ്ഥാപിക്കുന്നതിന് വേണ്ടി 2013-14 സാമ്പത്തിക വർഷം പി.ഡബ്ല്യു.ഡി. ഇലക്ട്രിക്കൽ വിഭാഗം 25,50,000/- (ഇരുപത്തി അഞ്ച് ലക്ഷത്തി അൻപതിനായിരം രൂപ) രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി പത്തനംതിട്ട ജില്ലാ പഞ്ചായത്തിൽ സമർപ്പിച്ചിരുന്നുവെങ്കിലും ഫണ്ടിന്റെ ലഭ്യതക്കുറവ് മൂലം തുക അനുവദിച്ചിരുന്നില്ല. ആയതിനാൽ 2014-15 സാമ്പത്തിക വർഷം എസ്റ്റിമേറ്റ് പ്രകാരമുള്ള തുക വകയിരുത്തി ലിഫ്റ്റ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ